ഗവ . എൽ . പി . സ്കൂൾ ചെറിയഴീക്കൽ

ചെറിയഴീക്കൽ . പി . ഒ , കരുനാഗപ്പള്ളി

കൊല്ലം 690573 ഫോൺ 0476 2826424

അക്കാദമിക മാസ്റ്റർ പ്ലാൻ

Scanned with OKEN Scanner

ഉള്ളടക്കം

- ആമുഖം
- ചരിത്രം
- പൊതു ലക്ഷ്യം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ
- നിലവിലെ അവസ്ഥാവിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ- ഒറ്റനോട്ടത്തിൽ
- പദ്ധതി വിശദാംശങ്ങൾ
- പ്രതീക്ഷിത നേട്ടങ്ങൾ

Scanned with OKEN Scanner

അക്കാദമിക് മാസ്റ്റർ പ്ലാൻ

ഗവ. എൽ.പി.സ്കൂൾ ചെറിയഴീക്കൽ

ആമുഖം:

കേരളത്തിന്റെ സാംസ്കാരികവും കാർഷികവും സർഗാത്മകവുമായ പാരസ്പര്യം കാത്തുസൂക്ഷിച്ചും ഭരണഘടനാമൂല്യങ്ങൾ ഉൾക്കൊണ്ടും പ്രവർത്തിക്കുന്ന ഒരു സമൂഹസൃഷ്ടിക്കുതകും വിധം ഈ വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിരിക്കുന്നത്.

വരുന്ന പത്തു വർഷം കൊണ്ട് നേടേണ്ടുന്ന ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഓരോ പദ്ധതിയുടെയും നിർവഹണ ചുമതല, കാലയളവ്, സാമ്പത്തിക സ്രോതസ്സ് എന്നിവ ഇതിൽ പരാമർശിച്ചിട്ടുണ്ട്.

Scanned with OKEN Scanner

ചരിത്രം

കരുനാഗപ്പള്ളിയുടെ പശ്ചിമ തീരമായ ആലപ്പാട് ഗ്രാമപഞ്ചായത്തിലെ 10 -ാം വാർഡിൽ ചെറിയഴീക്കൽ ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നായ ഇത് എന്നാണ് സ്ഥാപിതമായതെന്ന് കൃത്യമായി പറയാൻ കഴിയില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 1952-ലാണ് ഇത് സ്ഥാപിതമായതെന്ന് കരുതപ്പെടുന്നു. ചെറിയഴീക്കൽ ക്ഷേത്രത്തിന് തെക്കുഭാഗത്തുള്ള മൈലാടുംകുന്നിലാണ് ഈ വിദ്യാലയം ആദ്യം പ്രവർത്തിച്ചിരുന്നത്. മഴക്കാലങ്ങളിൽ നിരന്തരം ഉണ്ടാകുന്ന കടലാക്രമണം മൂലം ഇവിടെ അധ്യയനം അസാധ്യമായപ്പോൾ കുറച്ചുനാൾ അടുത്തുള്ള ഒരു സിനിമ തീയറ്ററിലും പിന്നീട് ചെറിയഴീക്കൽ ഹൈസ്കൂളിനോടു ചേർന്നും ഈ വിദ്യാലയം പ്രവർത്തിച്ചിരുന്നു. 1970-ൽ ആണ് ഇന്നു കാണുന്ന സ്ഥലത്തേക്ക് വിദ്യാലയം മാറ്റി സ്ഥാപിച്ചത്.

സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗങ്ങളിൽ ശ്രദ്ധേയരായ പല പ്രമുഖ വ്യക്തികളും അറിവിന്റെ ആദ്യാക്ഷരം കുറിച്ചത് ഈ വിദ്യാലയത്തിലാണ്. ചെറിയഴീക്കൽ പ്രദേശത്തിന്റെ സാമൂഹിക-വിദ്യാഭ്യാസ പുരോഗതിയിൽ ഒരു നക്ഷത്രശോഭയോടെ തലയുയർത്തി നിൽക്കാൻ ഇന്നും ഈ വിദ്യാലയത്തിനു കഴിയുന്നുണ്ട്.

2004
2014 – ൽ ഉണ്ടായ സുനാമി ദുരന്തത്തിനു ശേഷം കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നെങ്കിലും അക്കാദമിക – ഭൗതിക രംഗങ്ങളിൽ കൈവരിച്ച ശ്രദ്ധേയമായ നേട്ടങ്ങളിലൂടെ ആ കുറവു പരിഹരിക്കാൻ കഴിഞ്ഞു. ഇന്ന് ആലപ്പാട് ഗ്രാമപഞ്ചായത്തിൽ എൽ. പി. വിഭാഗത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയമെന്ന നിലയിലേക്ക് ഉയരാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞിട്ടുണ്ട്. കൊല്ലം ജില്ലയിലെ തന്നെ ഏറ്റവും മികച്ച വിദ്യാലയമായി മാറ്റാനുള്ള തീവ്ര ശ്രമത്തിലാണ് പി.റ്റി.എ/ എസ്.എം.സികളും , നാട്ടുകാരും അധ്യാപകരും

Scanned with OKEN Scanner

പൊതു ലക്ഷ്യം

* ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.
* ഓരോ കുട്ടിയെയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലകളിലുള്ള വികസനം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക.
* അക്കാദമിക കാര്യങ്ങളിൽ പൂർണത സംഭരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസൂത്രണം ചെയ്യുക.
* വ്യക്തമായ ആസൂത്രണത്തിലൂടെ കുട്ടികളുടെ പൊതുവായ കഴിവും ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളുടെയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക.
* വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.

Scanned with OKEN Scanner

വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

*പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങളിൽ ഊന്നിനിന്നു കൊണ്ട് വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

*ലോകത്തിലെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും ഈ വിദ്യാലയത്തിലെ സമപ്രായക്കാരും നേടി എന്നുറപ്പാക്കുക.

*എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക.

*കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

*സ്വയം പഠനവും കൂട്ടായപഠനവും പഠനപ്രക്രിയയുടെ ഭാഗമാക്കുക.

*മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട് പോക്കിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുക.

* പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം, മാലിന്യനിർമ്മാർജന അവബോധം,ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

* ലോകത്തെവിടെയുമുള്ള സമപ്രായക്കാരുമായി, നേടിയ അറിവിന്റെയും കഴിവിന്റെയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കുക.

*ആധുനിക ശാസ്ത്രസാങ്കേതികവിദ്യാ സാധ്യതകളെല്ലാം പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക

* ക്ലാസ് മുറികൾ ആധുനികവത്കരിക്കുകയും അനുയോജ്യമായ ഇ-കണ്ടന്റ് വികസിപ്പിക്കുകയും ചെയ്യുക.

* ജനാധിപത്യ പരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ ഭൗതികപരിസരത്തിലും ക്ലാസ്റൂം ആർക്കിടെക്ചറിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുക.

Scanned with OKEN Scanner

നിലവിലെ അവസ്ഥാ വിശകലനം

ഭൗതികം/അക്കാദമികം	നേട്ടങ്ങൾ	പരിമിതികൾ
സ്കൂൾ ലൈബ്രറി	1500-ൽ പരം പുസ്തകങ്ങൾ	പ്രത്യേകം മുറിയില്ല
സ്കൂൾ ലബോറട്ടറി	------	ലബോറട്ടറി സൗകര്യം ഇല്ല
കുടിവെള്ളം	ആവശ്യാനുസരണം ശുദ്ധ ജലം- 2 കിണർ 15 ടാപ്പ്	-----
കമ്പ്യൂട്ടർ/IT സൗകര്യം	3 കമ്പ്യൂട്ടർ,ഒരു ഹൈടെക് എ.സി ക്ലാസ്മുറി	പ്രത്യേകം മുറിയില്ല
ആരോഗ്യ-കായിക വിദ്യാഭ്യാസം	പ്രത്യേക പരിശീലനം നൽകുന്നു	കളിസ്ഥലമില്ല, സ്ഥിരമായകായികാധ്യാപകന്റെ അഭാവം
പഠന മികവ്	LSS പരീക്ഷയിൽ ഉപജില്ലയിൽ ഏറ്റവും ഉയർന്ന വിജയം	-------
ടോയ്ലറ്റ് സൗകര്യം	കുട്ടികൾക്ക് ആനുപാതികമായി ടോയ്ലറ്റ് സൗകര്യം	ആൺകുട്ടികൾക്കുള്ള യൂറിനൽ സൗകര്യം അപര്യാപ്തം
ക്ലാസ് മുറികൾ/ ഫർണിച്ചർ	എല്ലാ കുട്ടികൾക്കും ആവശ്യാനുസരണം	------
[illegible]	[illegible]	------

Scanned with OKEN Scanner

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റ നോട്ടത്തിൽ

* മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായമായ പഠനാവസരം ലഭ്യമാക്കുക.

* കുട്ടികൾക്ക് ഭാഷ, ഗണിതം എന്നിവ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന അവസ്ഥ സൃഷ്ടിക്കുക.

* ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക.

* ആധുനിക സൗകര്യങ്ങളുള്ള വായനശാല, ലബോറട്ടറി എന്നിവ ഒരുക്കുക.

* എല്ലാ ക്ലാസ്മുറികളും സ്മാർട്ട് ആക്കുക.

* പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി കഴിവിന്റെ സാധ്യമായ ഉയർന്നതലത്തിലേക്ക് എത്തിക്കുക.

* വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കുക.

* പ്ലാസ്റ്റിക്ക് വിമുക്തവും കീടനാശിനി വിമുക്തവുമായ സ്കൂൾ അന്തരീക്ഷം സൃഷ്ടിക്കുക.

* കലാ-കായിക-പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സൗകര്യങ്ങൾ സൃഷ്ടിക്കുക
* കുട്ടികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക
* കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തുക.
* പരിസ്ഥിതി സംരക്ഷണ - പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.

Scanned with OKEN Scanner

* പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസര സാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുക.

*ഒന്നാം ക്ലാസ് മുതൽ വായനാ സംസ്കാരം പ്രോത്സാഹിപ്പിക്കുക.

* സ്കൂൾ ഗ്രന്ഥാലയം ആധുനിക വത്കരിക്കുക, ഇതിന്റെ ഭാഗമായി ഡിജിറ്റൽ ലൈബ്രറി വിദ്യാലയത്തിൽ ക്രമീകരിക്കുക.

*ഒരേ സമയം നിശ്ചിത ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികൾക്കും പരീക്ഷണങ്ങളിൽ ഏർപ്പെടാൻ പാകത്തിൽ സ്ഥലസൗകര്യമുള്ളതും സുരക്ഷിതത്വമുള്ളതും മറ്റെല്ലാ സജ്ജീകരണങ്ങളോടും കൂടിയ സ്കൂൾ ലബോറട്ടറികൾ സ്ഥാപിക്കുക.

* ഓരോ വിദ്യാർത്ഥിയുടെയും സർഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനും വികസിപ്പിക്കാനും ആവശ്യമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുക.

* സംഗീതം, ചിത്രം തുടങ്ങിയ കലകളിലും സർഗാത്മക രചനകളിലുമുള്ള വാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റുക.

* വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക. ജീവിത ശൈലീരോഗങ്ങൾ വരാതിരിക്കാൻ വ്യായാമത്തിനും കളികൾക്കും പ്രത്യേക പരിഗണന നൽകുക.

* വിവിധ ഏജൻസികളുടെ സഹായത്തോടെ കുട്ടികൾക്ക് കളിക്കാനുള്ള കളിയിടങ്ങൾ സ്കൂളിൽ ഉറപ്പുവരുത്തുക.

* കുട്ടികളിലെ പഠനപിന്നാക്കാവസ്ഥയുടെ മേഖലകൾ, സ്വഭാവം, വ്യാപ്തി എന്നിവ കണ്ടെത്തുകയും കാരണങ്ങൾ വിശകലനം ചെയ്ത് ഇടപെടുകയും ചെയ്യുക.

* പ്രത്യേക പരിഗണന അർഹിക്കുന്ന എല്ലാ കുട്ടികൾക്കും പിന്തുണയും പ്രോത്സാഹനവും നൽകുക.

* സാമൂഹികവും കുടുംബപരവും സാമ്പത്തികവുമായ കാരണങ്ങളാൽ പഠനം നിർത്താൻ നിർബന്ധിതരായ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹരിക്കുകയും ചെയ്യുക.

* വിദ്യാലയത്തിലെത്തിച്ചേരാൻ അസൗകര്യമുള്ള പ്രദേശങ്ങളിൽ വാഹന സൗകര്യം ഏർപ്പെടുത്തുക.

* കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ കൃഷിരീതി പരിചയപ്പെടുത്തുകയും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കുകയും ചെയ്യുക.

Scanned with OKEN Scanner

* മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്നത് ഒരു ശീലമായും ജീവിതരീതിയായും മാറ്റാനുള്ള പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ ഒരുക്കുക.

* സ്കൂൾതല ആരോഗ്യ വിദ്യാഭ്യാസത്തിന് മാർഗരേഖകൾ തയ്യാറാക്കി വിദഗ്ധരുടെ സഹായത്തോടെ നടപ്പിലാക്കുക.

Scanned with OKEN Scanner

പദ്ധതി വിശദാംശങ്ങൾ

മേഖല:- മലയാളം

ഉപമേഖല:- ഭാഷാവികാസം

ലക്ഷ്യം: -

* കുട്ടികളിലെ ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ
* എല്ലാ കുട്ടികളിലും എഴുത്ത്, വായന എന്നീ ശേഷികൾ വികസിപ്പിക്കുക.
* വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക.
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക.

പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ അക്ഷരക്കാർഡ് നൽകൽ വാക്കുകൾ എഴുതിയ കാർഡ് നൽകൽ വാക്കുകൾ നിർമ്മിക്കൽ വാക്യങ്ങൾ നിർമ്മിക്കൽ ചിത്രം-അടിക്കുറിപ്പ് ചിത്രം- കഥ പറയൽ ചിത്രം - കഥ എഴുതൽ കഥാപുസ്തകം നൽകൽ മലയാളത്തിളക്കം ശ്രദ്ധ	ജൂൺ 1 - 30	ക്ലാസ് ടീച്ചർ	500 രൂപ PTA
ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ	ജൂലൈ1- 15	ക്ലാസ് ടീച്ചർ	
സ്കൂൾ ലൈബ്രറി നവീകരണം വായനോത്സവം സംഘടിപ്പിക്കൽ വായനക്കുറിപ്പ് തയ്യാറാക്കൽ	ജൂലൈ15-30	ക്ലാസ് ടീച്ചർ, SRG	1000 രൂപ PTA

Scanned with OKEN Scanner

മേഖല :- ഇംഗ്ലീഷ്

ഉപമേഖല:- ഭാഷാവികാസം

ലക്ഷ്യം

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ

പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി മികവുകൾ,പരിമിതികൾ കണ്ടെത്തുന്നു)	ആഗസ്റ്റ് ആദ്യവാരം	ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി	500 രൂപ PTA
പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കൽ/ശേഖരിക്കൽ	ആഗസ്റ്റ് 15 ന് മുമ്പ്	പ്രഥമാധ്യാപകൻ ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി	1000 രൂപ PTA
ഇംഗ്ലീഷിലുള്ള അസംബ്ലി	സെപ്റ്റംബർ മാസം മുതൽ (ആഴ്ചയിൽ രണ്ടു ദിവസം)	ക്ലാസ് ടീച്ചർ	---
ഒരു ദിവസം ഒരു ഭാഷാ പരിപാടി	സെപ്റ്റംബർ മാസം മുതൽ (പ്രതിദിനം)	ഇംഗ്ലീഷ് ടീച്ചർ	------
ഇംഗ്ലീഷ് - ക്ലാസ് ലൈബ്രറി (വായനാ സാമഗ്രീകൾ, ലഘു വായനാ പുസ്തകങ്ങൾ, പത്രം)	ഒക്ടോബർ മാസം മുതൽ	പ്രഥമാധ്യാപകൻ ഇംഗ്ലീഷ് ടീച്ചർ എസ്.ആർ.ജി	5000/- PTA

Scanned with OKEN Scanner

മേഖല :- ശാസ്ത്ര പഠനം

ഉപമേഖല:- ശാസ്ത്രബോധം, പരിസ്ഥിതി അവബോധം, യുക്തി ചിന്ത

ലക്ഷ്യം

* ഒന്ന മുതൽ നാല്വ വരെ ക്ലാസ്സുകളിലെ പരിസരപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുക, പഠന നേട്ടം ഉറപ്പിക്കുക
* എല്ലാ ക്ലാസ്സിലും ശാസ്ത്രമൂല ഉറപ്പാക്കൽ

പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ഒന്ന മുതൽ നാല്വ വരെ ക്ലാസ്സുകളിലെ പരിസര പഠനത്തിന് സഹായക മായ സാധനങ്ങൾ ലിസ്റ്റ് ചെയ്യുന്ന	ആഗസ്റ്റ് ആദ്യവാരം	പരിസരപഠനം സബ്ജക്ട് കൗൺസിൽ	------
തയ്യാറാക്കിയ ലിസ്റ്റ് തരം തിരിക്കുന്ന(വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ, ലാബിൽ സൂക്ഷിക്കേണ്ടവ)	ആഗസ്റ്റ് 15 ന് മുമ്പ്	പരിസരപഠനം സബ്ജക്ട് കൗൺസിൽ	
സാമഗ്രികൾ വാങ്ങൽ	സെപ്റ്റംബർ ആദ്യവാരം	എച്ച്. എം എസ്.ആർ.ജി കൺവീനർ	3000 രൂപ PTA
പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല	സെപ്റ്റംബർ രണ്ടാം വാരം	പി.ടി.എ, അധ്യാപകർ	സ്പോൺസർഷിപ്പ് 1500/-
ശാസ്ത്രമൂല ക്രമീകരിക്കൽ (ഫാബ്രിക്കേഷൻ വർക്ക്)	ഒക്ടോബർ ആദ്യവാരം	പി.ടി.എ, എച്ച്.എം അധ്യാപകർ	സ്പോൺസർഷിപ്പ് 1500/-
സ്കൂൾ ശാസ്ത്രലാബ് സജ്ജമാക്കൽ	നവംബർ ആദ്യവാരം	പി.ടി.എ, എച്ച്.എം അധ്യാപകർ	പഞ്ചായത്ത് 5000 രൂപ

Scanned with OKEN Scanner

മേഖല – അക്കാദമികം

ഉപമേഖല – അടിസ്ഥാന ഗണിതം

പ്രവർത്തനം	കാലയളവ്	ചുമതല	സാമ്പത്തികം
1. പ്രീ-ടെസ്റ്റ്	ജൂൺ ആദ്യ വാരം	1 മുതൽ 4 വരെക്ലാസ്സിലെ ഗണിതാധ്യാപകർ	
2.അടിസ്ഥാന ക്രിയാശേഷികൾ ഉറപ്പിക്കൽ	ജൂൺ10 മുതൽ30 വരെ	1 മുതൽ 4 വരെക്ലാസ്സിലെ ഗണിതാധ്യാപകർ	
3. വിഷയസമിതി യോഗം ചേർന്ന പാഠഭാഗങ്ങൾ ആസൂത്രണം ചെയ്യുക, വിനിമയം ചെയ്യുക	ജൂലൈ1 മുതൽ	1 മുതൽ 4 വരെക്ലാസ്സിലെ ഗണിതാധ്യാപകർ	
4. ഗണിത ക്ലബ്ബ് രൂപീകരിക്കുക, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക	ജൂലൈ ആദ്യവാരം	1 മുതൽ 4 വരെക്ലാസ്സിലെ ഗണിതാധ്യാപകർ	
5. ഗണിത ലാബ് സജ്ജമാക്കുക.	ആഗസ്റ്റ് മാസം	പി.ടി.എ, എസ്.എം.സി അധ്യാപകർ	പി.ടി.എ, എസ്.എം.സി 5000/- രൂപ
6. ഗണിത ശില്പശാല സംഘടിപ്പിക്കുക	ഒക്ടോബർ ആദ്യവാരം	പി.ടി.എ, എസ്.എം.സി അധ്യാപകർ	പി.ടി.എ, എസ്.എം.സി 1000/-രൂപ
7. ഗണിതക്വിസ്	എല്ലാമാസവും	1 മുതൽ 4 വരെക്ലാസ്സിലെ ഗണിതാധ്യാപകർ	
8. ക്ലാസ് ചുമരുകളിൽ ഗണിതാശയങ്ങൾ ചിത്രീകരിക്കുക	ഒക്ടോബർ രണ്ടാംവാരം	പി.ടി.എ, എസ്.എം.സി	പഞ്ചായത്ത് 20000/-രൂപ
9.ഗണിതലൈബ്രറി സജ്ജീകരിക്കുക	നവംബർ മാസം	പി.ടി.എ, എസ്.എം.സി അധ്യാപകർ	പഞ്ചായത്ത് 5000/-രൂപ
10. അധ്യാപകർക്ക് ഐ.സി.ടി പരിശീലനം	നവംബർ മാസം	സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർ	

Scanned with OKEN Scanner

പ്രതീക്ഷിത നേട്ടങ്ങൾ

- എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക.
- പരിസര സൗഹൃദ വിദ്യാലയം.
- എഴുതാനും വായിക്കാനും ചതുഷ്ക്രിയകൾ കൈകാര്യം ചെയ്യാനും എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- കുട്ടികളിലെ സർഗാത്മകവാസനകൾ പരിപോഷിപ്പിക്കുക.
- കലാ-കായിക-പ്രവൃത്തിപരിചയ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക.
- ലൈബ്രറി വിപുലീകരണം.
- മികച്ച വായനാന്തരീക്ഷം സൃഷ്ടിക്കുക.
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- പഠനപ്രവർത്തനങ്ങൾക്കായി ജൈവവൈവിധ്യ ഉദ്യാനവും അക്വേറിയവും പരമാവധി പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുക.
- ഉച്ചഭക്ഷണത്തിന് ആവശ്യമായ പച്ചക്കറികൾ സ്കൂൾ വളപ്പിൽ തന്നെ ഉല്പാദിപ്പിക്കുക.
- രക്ഷാകർത്താക്കൾക്ക് ബോധവത്കരണ ക്ലാസുകൾ
- പാഠപദ്ധതിയുമായി ബന്ധപ്പെട്ട പഠനയാത്രകൾ സംഘടിപ്പിക്കുക.
- ഭിന്നശേഷിക്കാർക്ക് വേണ്ടി പ്രത്യേക പരിശീലനവും പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.
- മാലിന്യവിമുക്ത വിദ്യാലയം
- എൽ.എസ്.എസ് വിദ്യാർത്ഥികൾക്ക് പ്രത്യേക ക്ലാസ് സംഘടിപ്പിക്കുക.
- പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിലെത്തിക്കുക.
- പഠനം ആകർഷകവും സർഗാത്മകവുംആനന്ദകരവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.
- സ്കൂൾ ലൈബ്രറികൾ, ലബോട്ടറികൾ എന്നിവ ആധുനികവത്കരിക്കുക.
- വിദ്യാഭ്യാസത്തിന്റെ ജനകീയവത്കരണം അർത്ഥപൂർണമാക്കുക.
- കാർഷിക സംസ്കാരം പുതുതലമുറയിൽ വളർത്തിയെടുക്കുക.

Scanned with OKEN Scanner

മോണിറ്ററിംഗ്

ഈ വിദ്യാലയത്തിലെ അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ മേഖലകളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ പി.ടി.എ, എസ്.എം.സി തുടങ്ങിയ വർ അവലോകനം ചെയ്യുകയും അവ നടപ്പിലാക്കുന്നതിന ആവശ്യമായ ധനകാര്യ സ്രോതസ്സുകൾ കണ്ടെത്തുകയും ചെയ്യ.

ഓരോ പ്രവർത്തനവും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് യഥാസമയം ക്ലാസ്തല വിലയിരുത്തലുംസ്കൂൾതല വിലയിരുത്തലും പി.ടി.എ, എസ്.എം.സി, എച്ച്.എം, സ്കൂൾ വികസന സമിതി എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നതാണ്.

അക്കാദമിക പ്രവർത്തനങ്ങൾ പ്രഥമാധ്യാപകന്റെ ദൈനംദിന ക്ലാസ്തല പരിശോധനയിലൂടെ വിലയിരുത്തുന

Scanned with OKEN Scanner